**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3236** **26-06-2024 - ൽ മറുപടിയ്ക്ക്**

**ബൈപ്പാസ് റൂട്ട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പൈതൃക ടൂറിസം പദ്ധതിയെ ബന്ധിപ്പിക്കുന്ന സർക്യൂട്ട് വികസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | **സംസ്ഥാനത്തെ പൈതൃക ടൂറിസം കേന്ദ്രങ്ങൾ യോജിപ്പിച്ചുകൊണ്ട് പൈതൃക ടൂറിസം സർക്യൂട്ടുകൾ നിലവിലുണ്ട്. അതോടൊപ്പം സ്പൈസ് റൂട്ട് ഹെറിറ്റേജ് പ്രോജക്റ്റ് കേരളത്തിലെ എല്ലാ പ്രധാന പൈതൃക മേഖലയേയും കേന്ദ്ര ഹബ്ബായ മുസിരിസുമായി ബന്ധിപ്പിക്കാൻ ലക്ഷ്യമിടുന്നു. വിഴിഞ്ഞം, കൊല്ലം, അഞ്ചുതെങ്ങ്, പുറക്കാട്, ആലപ്പുഴ, കൊച്ചി, കൊടുങ്ങല്ലൂർ, ചേറ്റുവ, പൊന്നാനി, പന്തലായനി, പരപ്പനങ്ങാടി, ബേപ്പൂർ, കോഴിക്കോട്, തലശ്ശേരി, കണ്ണൂർ, കുമ്പള, ബേക്കൽ തുടങ്ങിയ പ്രാചീന ചരിത്ര പ്രധാനമായ സമുദ്ര വ്യാപാര കേന്ദ്രങ്ങളും ഇതിൽ ഉൾപ്പെടുന്നു. കൂടാതെ, പുരാതന കേരളത്തിലെ ഉൾനാടൻ വ്യാപാര പാതകളുമായി ബന്ധം സ്ഥാപിക്കാനും പദ്ധതി ലക്ഷ്യമിടുന്നു.** |
| (ബി) | വിദേശ രാജ്യങ്ങളുമായി ബന്ധമുണ്ടായിരുന്ന തുറമുഖങ്ങളെ ബന്ധിപ്പിച്ച് നടപ്പിലാക്കി വരുന്ന ബൈപ്പാസ് റൂട്ട് പദ്ധതി ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ; | (ബി) | **വിദേശ രാജ്യങ്ങളുമായി ബന്ധമുള്ള തുറമുഖങ്ങളെ ബന്ധിപ്പിക്കുന്ന സ്പൈസസ് റൂട്ട് പദ്ധതി സംസ്ഥാനത്ത് വിപുലീകരിച്ചു കൊണ്ടിരിക്കുകയാണ്. കൊടുങ്ങല്ലൂർ-പറവൂർ പ്രദേശങ്ങളുടെ പൈതൃക ശേഷിപ്പുകളുടെ പുനരദ്ധാരണ പ്രവർത്തനങ്ങൾക്കുള്ള മുസിരിസ് പദ്ധതിയാണ് ആദ്യഘട്ടം. രണ്ടാം ഘട്ടമായി ആലപ്പുഴയിലേയും പൈതൃക സ്മാരകങ്ങൾ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഈ പദ്ധതികൾക്കൊപ്പം കൊല്ലം, പൊന്നാനി, ബേപ്പൂർ തുടങ്ങിയവയുടെയും പൈതൃക സംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള പഠനം ആരംഭിച്ചിട്ടുണ്ട്.**<br><br>കേരളത്തിലെ പൈതൃക കേന്ദ്രങ്ങളും സമീപ പ്രദേശങ്ങളിലെ പൈതൃകശേഷിപ്പുകളും ആരാധനാലയങ്ങളും വികസിപ്പിയ്ക്കുന്നതിന് **മുസിരിസ് പൈതൃക പദ്ധതി , ആലപ്പുഴ പൈതൃക പദ്ധതി ,** |

**തലശ്ശേരി പൈതൃക ടൂറിസം പദ്ധതി, ട്രാവൻകൂർ ഹെറിറ്റേജ് പദ്ധതി എന്നിങ്ങനെ വിവിധ സർക്യൂട്ട് പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ ചുവടെച്ചേർക്കുന്നു .**

1. **<u>മുസിരിസ് പൈതൃക പദ്ധതി</u>**

മുസിരിസിന്റെ ചരിത്രപരവും സാംസ്കാരികപരവുമായ നേർകാഴ്ചയെ പുനരുജ്ജീവിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ രൂപംകൊടുത്ത പദ്ധതിയാണ് മുസിരിസ് പൈതൃക പദ്ധതി. ലോക വ്യാപാരികളെ ആകർഷിച്ച മുസിരിസ്, നെല്ക്കിണ്ട, തിണ്ടിസ് പോലുള്ള ആദ്യകാല തുറമുഖങ്ങളും പൈതൃക അവശേഷിപ്പുകളും പുനരുജ്ജീവിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ രൂപം നൽകിയ ആദ്യത്തെ പൈതൃക സംരക്ഷണ പദ്ധതിയാണ് മുസിരിസ് പൈതൃക പദ്ധതി.

2. **<u>ആലപ്പുഴ പൈതൃക പദ്ധതി</u>**

വിശാലമായ അറബിക്കടലിന്റെയും അതിലേക്കൊഴുകുന്ന നദീശൃംഖലയുടെയും ഇടയിലായി സ്ഥിതി ചെയ്യുന്ന ആലപ്പുഴയിൽ തുറമുഖം, കടൽപ്പാലം, കനാലുകൾ, ചരിത്രം വിളിച്ചോതുന്ന നൂറ്റാണ്ടുകളുടെ കഥ പറയുന്ന സ്മാരകങ്ങൾ, ആരാധനാലയങ്ങൾ, കയർ ഫാക്ടറികൾ എന്നിവ നിലനിൽക്കുന്നു. ഇവയുടെ പുനരുദ്ധാരണവും തദ്വാര ആലപ്പുഴ പട്ടണത്തിന്റെ പഴയ പ്രതാപം വീണ്ടെടുക്കുവാനുള്ള സമഗ്രമായ ശ്രമവുമാണ് ആലപ്പുഴ പൈതൃക പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

3. **<u>തലശ്ശേരി പൈതൃക ടൂറിസം പദ്ധതി</u>**

പഴയ തലശ്ശേരി തുറമുഖത്തെ ഒരു പ്രഭവ കേന്ദ്രമാക്കി പൗരാണിക കേരളത്തിന്റെ സാമൂഹ്യവും സാംസ്കാരികവും ചരിത്രപരവുമായ മൂല്യങ്ങൾ പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തുക വഴി തലശ്ശേരിയെ ഒരു പൈതൃക കേന്ദ്രമാക്കുക എന്ന ലക്ഷ്യവുമായാണ് വിനോദസഞ്ചാര വകുപ്പ് തലശ്ശേരി പൈതൃക പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

4. **<u>ട്രാവൻകൂർ ഹെറിറ്റേജ് പദ്ധതി</u>**

തിരുവിതാംകൂറിന്റെ ചരിത്ര പ്രധാന്യം വ്യക്തമാക്കുന്ന സ്ഥലങ്ങളെ കൂട്ടിയിണക്കി പൈതൃക സർക്യൂട്ട് ആരംഭിക്കുന്നതിനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. തലസ്ഥാന നഗരിയിലെ 30 പൈതൃക കെട്ടിടങ്ങളെ ഉൾപ്പെടുത്തി 5 സോണുകളായി തിരിച്ചാണ് ഈപദ്ധതി നടപ്പിലാക്കുന്നത്.

| | | | |
|---|---|---|---|
| (സി) | വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് വിദ്യാർഥികൾക്കായി സ്റ്റുഡന്റ് ഹെറിറ്റേജ് വാക്ക് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | **2021-22 കാലഘട്ടങ്ങളിൽ കേരളത്തിലെ 14 ജില്ലകളിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് സ്റ്റുഡന്റ്സ് ഹെറിറ്റേജ് വാക്ക് എന്ന പ്രോഗ്രാം സംഘടിപ്പിച്ചിരുന്നു. വിദ്യാർത്ഥികൾക്ക് പൈതൃക പ്രദേശം സഞ്ചരിക്കുന്നതിന് ബോട്ട് ടൂർ ഉൾപ്പെടെ സൗജന്യ പ്രവേശനമാണ് മുസിരിസ് പൈതൃക പദ്ധതി നൽകിയിരുന്നത്. നിലവിൽ പൈതൃക ദിനാചരണത്തിനൊപ്പം അന്താരാഷ്ട്ര മ്യൂസിയം ദിനം തുടങ്ങിയ ദിവസങ്ങളിൽ മുസിരിസ് പൈതൃക പദ്ധതി പ്രദേശത്തും, ആലപ്പുഴ പൈതൃക പദ്ധതി പ്രദേശത്തും സ്റ്റുഡന്റ്സ് ഹെറിറ്റേജ് വാക്ക് സംഘടിപ്പിക്കാറുണ്ട്.** |

സെക്ഷൻ ഓഫീസർ